**File No.FandP-C1/355/2018-FandP**

**G.O.(Ms)No.10/2019/F&P**

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിന്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ (കൈ) നം. /2019/മ.ഉ.വ തിരുവനന്തപുരം, തീയതി.**

---

പരാമർശം:- ഫിഷറീസ് ഡയറക്ടർ 12.11.2018 ൽ സമർപ്പിച്ച കൺസപ്റ്റ് നോട്ട്

## <u>ഉത്തരവ്</u>

ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിനായി പരാമർശം പ്രകാരം ഫിഷറീസ് ഡയറക്ടർ കൺസപ്റ്റ് നോട്ട് സമർപ്പിച്ചിരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുസ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 'Value added ready to cook and ready to eat fish products' ന്റെ ഉത്പാദനം, വിപണനം, കൂടാതെ സീഫുഡ് റെസ്റ്റോറന്റുകൾ മുഖേന എല്ലാത്തരം മത്സ്യവിഭവങ്ങളും സമൂഹത്തിലേയ്ക്ക് എത്തിക്കൽ എന്നിവയാണ് ഈ സംസ്കരണ യൂണിറ്റിലൂടെ വിഭാവനം ചെയ്യുന്നത്. 4 കോടി രൂപ അടങ്കൽ തുക വരുന്ന ടി പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നും, ടി തുക ഓഖി ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനുള്ള അനുവാദം നൽകണമെന്നും ഫിഷറീസ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് 4 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിനും, ആയതിലേയ്ക്കായി ഓഖി ഫണ്ടിൽ പ്രതീക്ഷിക്കുന്ന നീക്കിയിരുപ്പ് തുകയിൽ നിന്ന് 4 കോടി രൂപ കണ്ടെത്തുന്നതിനും, അനുമതി നൽകി ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ചു നൽകുന്നതിനായി റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

G.O.(Ms)No.10/2019/F&P

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 2935(ഒ.എ)തീയതി 5.03.2019)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി